## മധുരമായ കുട്ടികളേ– അന്തർമുഖിയായി ഓർമ്മയുടെ അഭ്യാസം ചെയ്യൂ, പരിശോധിക്കൂ, ഞാൻ ആത്മാഭിമാനിയായും പരമാത്മാഭിമാനിയായും എത്ര സമയം ഇരുന്നു.

**ചോദ്യം–** ഏകാന്തതയിലേയ്ക്ക് പോയി ആത്മാഭിമാനിയാകുന്നതിനുള്ള അഭ്യാസം ചെയ്യുന്ന കുട്ടികളുടെ അടയാളം എന്തായിരിക്കും?
**ഉത്തരം–** അവരുടെ വായിൽ നിന്ന് ഒരിയ്ക്കലും തല കീഴായ വാക്കുകൾ വരികയില്ല. 2–ആത്മീയ സഹോദരങ്ങളാണെന്നുള്ള സ്നേഹം പരസ്പരം വളരെയധികമുണ്ടാകും. സദാ പാൽക്കടലായിരിക്കും. 3– ധാരണ വളരെ നല്ലതായിരിക്കും. അവരിൽ നിന്ന് ഒരു വികർമ്മവും ഉണ്ടാകില്ല. 4–അവരുടെ ദൃഷ്ടി അതിമധുരമായിരിക്കും. ഒരിയ്ക്കലും ദേഹാഭിമാനം വരില്ല. 5–ആർക്കും ദുഃഖം നൽകില്ല.

**ഓംശാന്തി**. ആത്മീയ കുട്ടികളെ പ്രതി, കേവലം ആത്മാവ് എന്ന് മാത്രം പറയുകയാണെങ്കിൽ അതിൽ ശരീരം ഉൾപ്പെടുന്നില്ല അതിനാൽ ആത്മീയ കുട്ടികളെ പ്രതി ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരുകയാണ്– സ്വയം ആത്മാവാണെന്ന് മനസ്സിലാക്കണം. നമ്മൾ ആത്മാക്കൾക്ക് അച്ഛനിൽ നിന്നും ഈ ജ്ഞാനം ലഭിക്കുകയാണ്. കുട്ടികൾ ദേഹീ അഭിമാനിയായിരിക്കണം. അച്ഛൻ വന്നിരിക്കുന്നതുതന്നെ കുട്ടികളെ തിരികെക്കൊണ്ടുപോകാനാണ്. തീർച്ചയായും സത്യയുഗത്തിൽ ആത്മാഭിമാനിയായിരിക്കും എന്നാൽ അവിടെ നിങ്ങൾ പരമാത്മാഭിമാനിയായിരിക്കില്ല. ഇവിടെ നിങ്ങൾ ആത്മാഭിമാനിയായും മാറുന്നുണ്ട് ഒപ്പം പരമാത്മ അഭിമാനിയായും മാറുന്നുണ്ട് അർത്ഥം നമ്മൾ അച്ഛന്റെ കുട്ടികളാണ്. ഇവിടെയുള്ളതും അവിടെയുള്ളതും(സത്യയുഗത്തിൽ) തമ്മിൽ വളരെ അധികം വ്യത്യാസമുണ്ട്. ഇവിടെ പഠിപ്പുണ്ട്, അവിടെ പഠിക്കുക എന്ന കാര്യമേയില്ല. ഇവിടെ എല്ലാവരും സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുന്നു, ബാബ എന്നെ പഠിപ്പിക്കുകയാണ് എന്ന നിശ്ചയത്തിൽ ഇരുന്ന് കേൾക്കുകയാണെങ്കിൽ വളരെ നല്ല ധാരണയുണ്ടാകും. ആത്മാഭിമാനിയായി മാറിക്കൊണ്ടിരിക്കും. ഈ അവസ്ഥയിൽ തന്നെ നിലനിൽക്കുക എന്ന ലക്ഷ്യം വളരെ ഉയർന്നതാണ്. കേൾക്കുമ്പോൾ വളരെ സഹജമായിത്തോന്നും. സ്വയം ആത്മ സ്മൃതിയിലിരുന്ന് മറ്റുള്ളവരേയും ആത്മാവെന്ന് മനസ്സിലാക്കി സംസാരിക്കുന്നത് എങ്ങനെയാണെന്നുള്ള അനുഭവം കുട്ടികൾ കേൾപ്പിക്കണം. അച്ഛൻ പറയുന്നു ഞാൻ ഈ ശരീരത്തിലാണെങ്കിൽ പോലും എനിക്ക് ഇതിന്റെ സത്യമായ അഭ്യാസമുണ്ട്. ഞാൻ കുട്ടികളെ ആത്മാവാണെന്നു തന്നെയാണ് മനസ്സിലാക്കുന്നത്. ആത്മാവിനെയാണ് പഠിപ്പിക്കുന്നത്. ഭക്തിമാർഗ്ഗത്തിലും ആത്മാവാണ് പാർട്ടഭിനയിച്ച് വന്നത്. പാർട്ട് അഭിനയിച്ച് അഭിനയിച്ച് പതിതമായി മാറി. ഇപ്പോൾ ആത്മാവിന് വീണ്ടും പവിത്രമായി മാറണം. ഏതുവരെ അച്ഛനെ പരമാത്മാവാണെന്ന് മനസ്സിലാക്കി ഓർമ്മിക്കുന്നില്ലയോ എങ്ങനെ പവിത്രമായി മാറും. ഇതിൽ കുട്ടികൾക്ക് വളരെ അധികം അന്തർമുഖിയായി മാറി ഓർമ്മയുടെ അഭ്യാസം ചെയ്യണം. ജ്ഞാനം വളരെ സഹജമാണ്. ബാക്കി ഈ നിശ്ചയം പക്കാ ആയിരിക്കണം നമ്മൾ ആത്മാക്കളാണ് പഠിക്കുന്നത്, ബാബ നമ്മളെ പഠിപ്പിക്കുകയാണ്, എങ്കിൽ ധാരണയും ഉണ്ടാകും വികർമ്മങ്ങൾ ഒന്നും ഉണ്ടാവുകയുമില്ല. ഈ സമയത്ത് നമ്മളിൽ നിന്നും വികർമ്മങ്ങൾ ഒന്നും ഉണ്ടാകുന്നില്ല എന്ന് പറയാൻ പറ്റില്ല. അന്തിമത്തിലേ വികർമ്മാജീത്താകൂ. ഭായി–ഭായി എന്ന ദൃഷ്ടി വളരെ മധുരമാണ്. ഇതിൽ ഒരിയ്ക്കലും ദേഹാഭിമാനം വരുകയില്ല. കുട്ടികൾക്കറിയാം അച്ഛന്റെ ജ്ഞാനം വളരെ ആഴമുള്ളതാണ്. അഥവാ ഉയർന്നതിലും ഉയർന്നവരായി മാറണമെന്നുണ്ടെങ്കിൽ ഈ അഭ്യാസം വളരെ നന്നായി ചെയ്യണം. ഇതിൽ ശ്രദ്ധ നൽകണം. അന്തർമുഖിയാകാൻ ഏകാന്തതയും വേണം. ഇവിടെ ഇരിക്കുമ്പോൾ ലഭിക്കുന്ന ഏകാന്തത വീട്ടിലിരിക്കുമ്പോഴോ ജോലി സ്ഥലത്തോ ലഭിക്കില്ല. ഇവിടെ നിങ്ങൾക്ക് ഈ അഭ്യാസം വളരെ നന്നായി ചെയ്യാൻ കഴിയും. ആത്മാവിനെത്തന്നെയാണ് കാണേണ്ടത്. ഞാനും ആത്മാവാണ് എന്ന് മനസ്സിലാക്കണം ഈ അഭ്യാസം ഇവിടെ ചെയ്യുന്നതിലൂടെ ശീലമായി മാറും. പിന്നീട് തന്റെ ചാർട്ടും വെയ്ക്കണം– എത്രത്തോളം ആത്മാഭിമാനിയായി മാറി? ആത്മാവിനെത്തന്നെയാണ് നാം കേൾപ്പിക്കുന്നത്, ആത്മാവിനോടുതന്നെയാണ് സംസാരിക്കുന്നത്. ഈ അഭ്യാസം വളരെ കൂടുതൽ വേണം. കുട്ടികൾ മനസ്സിലാക്കുന്നുണ്ടാകും ഈ കാര്യം ശരിയാണ്. ദേഹാഭിമാനം ഇല്ലാതാകണം നമ്മൾ ആത്മാഭിമാനിയായിത്തീരണം, ധാരണ ചെയ്യുകയും ചെയ്യിക്കുകയും വേണം. പരിശ്രമിച്ച് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കണം– ഈ ചാർട്ട് വളരെ ഗഹനമായതാണ്. വലിയ വലിയ മഹാരഥികളും മനസ്സിലാക്കുന്നുണ്ടാകും– ബാബ ഓരോ ദിവസവും വിചാരസാഗര മഥനം ചെയ്യാൻ തരുന്ന വിഷയങ്ങൾ വളരെ വലിയ പോയിന്റുകളാണ്. പിന്നീട് ഒരിയ്ക്കലും വായിൽ നിന്ന് തലതിരിഞ്ഞ വാക്കുകൾ പുറത്തുവരില്ല. ആത്മീയ സഹോദരങ്ങൾ തമ്മിൽ പരസ്പരം വളരെ അധികം സ്നേഹമുണ്ടായിരിക്കും. നമ്മൾ എല്ലാവരും ഈശ്വരന്റെ സന്താനങ്ങളാണ്.

അച്ഛന്റെ മഹിമ നിങ്ങൾക്ക് അറിയാവുന്നതാണ്. കൃഷ്ണന്റെ മഹിമ വ്യത്യസ്തമാണ്, കൃഷ്ണനെ പറയുന്നത് സർവ്വഗുണ സമ്പന്നൻ.......എന്നാണ് പക്ഷേ കൃഷ്ണനിൽ ഇത്രയും ഗുണങ്ങൾ എവിടെനിന്നു വന്നു? തീർച്ചയായും കൃഷ്ണന്റെ മഹിമ വേറെയാണ് എങ്കിലും സർവ്വഗുണ സമ്പന്നനായി മാറിയത് ജ്ഞാനസാഗരനായ അച്ഛനിൽ നിന്നല്ലേ. അതിനാൽ തന്റെ പരിശോധന നടത്തണം, ഓരോ ചുവടിലും മുഴുവൻ കണക്കുകളും എടുക്കണം. വ്യാപാരികൾ മുഴുവൻ ദിവസത്തേയും കണക്ക് രാത്രിയിലാണ് നോക്കുക. നിങ്ങളും വ്യാപാരം ചെയ്യുകയല്ലേ. രാത്രിയിലിരുന്ന് പരിശോധിക്കണം ഞാൻ എല്ലാവരെയും ആത്മീയ സഹോദരങ്ങളാണെന്ന് മനസ്സിലാക്കിത്തന്നെയാണോ എല്ലാവരോടും സംസാരിച്ചത്? ആർക്കും ദുഃഖം നൽകിയില്ലല്ലോ? എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് അറിയാം നമ്മൾ ആത്മീയ സഹോദരങ്ങൾ എല്ലാവരും പാൽക്കടലിലേയ്ക്ക് (സ്വർഗ്ഗം) പോയിക്കൊണ്ടിരിക്കുകയാണ്. ഇവിടെയാണെങ്കിൽ വിഷയ സാഗരമാണ്. നിങ്ങൾ ഇപ്പോൾ രാവണരാജ്യത്തിലുമല്ല, രാമരാജ്യത്തിലുമല്ല. നിങ്ങൾ നടുവിലാണ് അതിനാൽ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ ഓർമ്മിക്കണം. എത്രത്തോളം എനിക്ക് ആത്മാ ഭായി-ഭായി ദൃഷ്ടിയുടെ അവസ്ഥയുണ്ട് എന്ന് നോക്കണം. നമ്മൾ സർവ്വാത്മാക്കളും പരസ്പരം സഹോദരങ്ങളാണ്, ഈ ശരീരത്തിലൂടെ പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ആത്മാവ് അവിനാശിയാണ്, ശരീരം വിനാശിയാണ്, നമ്മൾ 84 ജന്മങ്ങളുടെ പാർട്ട് അഭിനയിച്ചിട്ടുണ്ട്. ഇപ്പോൾ അച്ഛൻ വന്ന് പറയുന്നു എന്നെ മാത്രം ഓർമ്മിക്കു, സ്വയം ആത്മാവാണെന്നു മനസ്സിലാക്കു. ആത്മാവാണെന്ന് മനസ്സിലാക്കിയാൽ സഹോദരങ്ങളാകും. ഇത് അച്ഛൻ തന്നെയാണ് മനസ്സിലാക്കിത്തരുന്നത്. അച്ഛനല്ലാതെ മറ്റാർക്കും ഈ പാർട്ടില്ല. പ്രേരണയുടെ കാര്യമില്ല. ടീച്ചേഴ്സ് ഇരുന്ന് പഠിപ്പിക്കുന്നത് എങ്ങനെയാണോ അതുപോലെ അച്ഛൻ ഇരുന്ന് കുട്ടികൾക്ക് മനസ്സിലാക്കിത്തരുകയാണ്. ഇതെല്ലാം ചിന്തിക്കേണ്ട വിഷയങ്ങളാണ്, ഇതിന് സമയവും നൽകേണ്ടിവരും. അച്ഛൻ ജോലിവ്യവഹാരങ്ങൾ ചെയ്യാനുള്ള അനുവാദം നൽകിയിട്ടുണ്ട് എന്നാൽ ഓർമ്മയുടെ യാത്രയും പ്രധാനമാണ്. ഇതിനുവേണ്ടിയും സമയം നൽകണം. എല്ലാവരുടേയും സേവനവും വ്യത്യസ്തമാണ്. ചിലർക്ക് വളരെയധികം സമയം ലഭിക്കുന്നുണ്ട്. മാഗസീനിലും വളരെ യുക്തിപൂർവ്വം എഴുതണം ഇവിടെ ഇങ്ങനെയൊരു അച്ഛനെയാണ് ഓർമ്മിക്കേണ്ടത്. പരസ്പരം ആത്മീയ സഹോദരനെന്ന് മനസ്സിലാക്കണം.

അച്ഛൻ വന്ന് സർവ്വാത്മാക്കളേയും പഠിപ്പിക്കുന്നു. ആത്മാക്കളിൽ ദൈവീക ഗുണങ്ങളുടെ സംസ്ക്കാരം ഇപ്പോഴാണ് നിറക്കേണ്ടത്. ഭാരതത്തിന്റെ പ്രാചീനയോഗം എങ്ങനെയുള്ളതാണ്? എന്ന് മനുഷ്യർ ചോദിക്കാറുണ്ട്. നിങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും പക്ഷേ ഇപ്പോൾ നിങ്ങൾ വളരെ കുറച്ചുപേരേയുള്ളു, നിങ്ങളുടെ പേര് അത്രത്തോളം പ്രശസ്തമായിട്ടില്ല. ഈശ്വരൻ യോഗം പഠിപ്പിക്കുകയാണ്. തീർച്ചയായും അവരുടെ മക്കളുമുണ്ടാകും. ഈ കാര്യം ആർക്കും അറിയില്ല എന്നത് കുട്ടികൾക്കും അറിയാം. നിരാകാരനായ ഭഗവാൻ എങ്ങനെയാണ് പഠിപ്പിക്കുന്നത്, ബാബ സ്വയം പറയുന്നു ഞാൻ കല്പ കല്പം സംഗമയുഗത്തിൽ വന്ന് ഞാൻ ഇങ്ങനെയാണ് വരുന്നതെന്ന് പറയുന്നു. ആരുടെ ശരീരത്തിലാണ് വരുന്നത് എന്നതിൽ സംശയിക്കേണ്ടതില്ല. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ ഡ്രാമയാണ്. ഒരാളുടെ ശരീരത്തിലേക്ക് മാത്രമാണ് വരുന്നത്. പ്രജാപിതാ ബ്രഹ്മാവിലൂടെയാണ് സ്ഥാപന. ഈ ബ്രഹ്മാവാണ് ഏറ്റവുമാദ്യത്തെ വിശിഷ്ട സന്താനമാകുന്നത്. ആദിസനാതന ദേവീ ദേവതാ ധർമ്മം സ്ഥാപിക്കുകയാണ്. പിന്നീട് ബ്രഹ്മാവ് തന്നെയാണ് ആദ്യ നമ്പറിലേക്കും വരുന്നത്. ഈ ചിത്രത്തിൽ വളരെ നല്ല രീതിയിൽ കാര്യങ്ങൾ മനസ്സിലാക്കാനുണ്ട്. ബ്രഹ്മാവിൽ നിന്ന് വിഷ്ണു, വിഷ്ണുവിൽ നിന്ന് ബ്രഹ്മാവ് എങ്ങനെയായിത്തീരുന്നു എന്ന് മറ്റാർക്കും മനസ്സിലാക്കിത്തരാൻ കഴിയില്ല. മനസ്സിലാക്കിക്കൊടുക്കുന്നതിന് യുക്തികൾ വേണം. ഇപ്പോൾ നിങ്ങൾക്ക് അറിയാം എങ്ങനെയാണ് അച്ഛൻ ദേവീദേവതാ ധർമ്മം സ്ഥാപിക്കുന്നത്, ഈ ചക്രം എങ്ങനെയാണ് കറങ്ങുന്നത്, ഈ കാര്യങ്ങൾ മറ്റാർക്കും മനസ്സിലാക്കാൻ സാധിക്കില്ല. അതുകൊണ്ട് ബാബ മനസ്സിലാക്കിത്തരുകയാണ് ഇങ്ങനെ ഇങ്ങനെയെല്ലാം യുക്തിപൂർവ്വം എഴുതൂ. യഥാർത്ഥ യോഗം ആർക്ക് പഠിപ്പിച്ചുതരാൻ കഴിയും- ഇത് മനസ്സിലാക്കിക്കഴിഞ്ഞാൽ നിങ്ങളുടെ അടുത്തേയ്ക്ക് അനേകം പേർ വരും. വലിയ വലിയ ആശ്രമങ്ങളെല്ലാം ഇളകിക്കൊണ്ടിരിക്കും. അവസാന സമയത്ത് ഇത് സംഭവിക്കാനുള്ളതാണ്, പിന്നീട് എല്ലാവരും അത്ഭുതപ്പെടും. ഭക്തിമാർഗ്ഗത്തിൽ എത്രയധികം പ്രസ്ഥാനങ്ങളുണ്ട്. ജ്ഞാനമാർഗ്ഗത്തിന്റേതായി ഒന്നുപോലുമില്ല. അതിനാൽ നിങ്ങൾക്കാണ് വിജയമുണ്ടാവുക. ഇതും നിങ്ങൾക്ക് അറിയാം ഓരോ 5000 വർഷങ്ങൾക്കുശേഷവും അച്ഛൻ വരുന്നുണ്ട്. അച്ഛനിലൂടെ നിങ്ങൾ പഠിക്കുകയാണ്, മറ്റുള്ളവരേയും പഠിപ്പിക്കുന്നു. കത്തുകളിലൂടെ എങ്ങനെ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാം ഇതിനുള്ള യുക്തികളും കല്പ കല്പത്തേതു പോലെ പുറത്തുവരും, അതിലൂടെ അനേകം പേർ മനസ്സിലാക്കും. ഒരേഒരു ധർമ്മത്തിന്റെ സ്ഥാപന ചെയ്യാൻ ബാബയ്ക്കല്ലാതെ മറ്റാരെക്കൊണ്ടും സാധിക്കില്ല. നിങ്ങൾക്ക് അറിയാം ഒരു വശത്ത് രാവണനാണ്, മറുവശത്ത് രാമനാണ്. രാവണനുമേൽ നിങ്ങൾ വിജയം നേടുകയാണ്. അവർ എല്ലാവരും രാവണ സമ്പ്രദായമാണ്. നിങ്ങൾ ഈശ്വ

രീയ സമ്പ്രദായത്തിലുള്ളവർ വളരെ കുറച്ചേയുള്ളു. ഭക്തിയ്ക്ക് എത്ര ഷോ ആണ്. എവിടെയെല്ലാം വെള്ളമുണ്ടോ അവിടെയെല്ലാം മേളകൾ നടത്തുന്നു. എത്ര ചിലവ് ചെയ്യുന്നു. എത്രപേർ മുങ്ങി മരിക്കുന്നു. ഇവിടെയാണെങ്കിൽ അങ്ങനെയുള്ള കാര്യങ്ങളൊന്നുമില്ല. എന്നിട്ടും ബാബ പറയുന്നു ആശ്ചര്യത്തോടെ എന്നെ തിരിച്ചറിയുന്നു, കേൾക്കുന്നു, കേൾപ്പിക്കുന്നു, പവിത്രമായിരിക്കുന്നു എന്നിട്ടും അല്ലയോ മായേ നീ കാരണം തോറ്റുപോകുന്നു. കല്പ കല്പം ഇങ്ങനെ സംഭവിക്കും. തോറ്റുപോകുന്നവരുമുണ്ട്. മായയുമായി യുദ്ധം ചെയ്യുകയാണ്. മായയുടെ പ്രഭാവവും ഉണ്ട്. ഭക്തിയ്ക്ക് ഇളക്കം സംഭവിക്കുക തന്നെ വേണം. അരകല്പം നിങ്ങൾ പ്രാലബ്ധം അനുഭവിക്കുന്നു അതിനുശേഷം രാവണരാജ്യത്തിൽ ഭക്തി ആരംഭിക്കുന്നു. അതിന്റെ അടയാളങ്ങളും ഇന്നുണ്ട്, വികാരത്തിലേയ്ക്ക് വീണുപോയാൽ പിന്നീട് ദേവതകളെന്ന് പറയില്ലല്ലോ. എങ്ങനെയാണ് വികാരിയായി മാറുന്നത്, ഇത് ലോകത്തിലുള്ള ആർക്കും അറിയില്ല. വാമമാർഗ്ഗത്തിലേയ്ക്കു പോയി എന്ന് ശാസ്ത്രങ്ങളിൽ എഴുതിവെച്ചിട്ടുണ്ട്. എപ്പോഴാണ് പോയതെന്ന് അറിയില്ല. ഈ കാര്യങ്ങളെല്ലാം നല്ലരീതിയിൽ മനസ്സിലാക്കാനും മനസ്സിലാക്കിക്കൊടുക്കാനുമുള്ളതാണ്. നിശ്ചയബുദ്ധിയാകുമ്പോഴേ ഇത് മനസ്സിലാക്കു. അങ്ങനെയുള്ളവർക്ക് ബാബയോട് ആകർഷണമുണ്ടാകും, അവർ പറയും ഇങ്ങനെയുള്ള അച്ഛനുമായി എനിക്ക് മിലനം നടത്തണമെന്ന്. എന്നാൽ വീട്ടിലേയ്ക്ക് പോയതിനുശേഷവും ഈ ലഹരിയുണ്ടോ എന്ന് ആദ്യം നോക്കൂ? നിശ്ചയബുദ്ധിയായി തന്നെയിരിക്കുന്നുണ്ടോ? ഓർമ്മ വന്നുകൊണ്ടേയിരിക്കണം, കത്ത് എഴുതികൊണ്ടിരിക്കണം, അങ്ങ് ഞങ്ങളുടെ സത്യമായ അച്ഛനാണ്, അങ്ങയിൽ നിന്നും ഉയർന്ന സമ്പത്ത് ലഭിക്കുന്നു, ഞങ്ങൾക്ക് അങ്ങയെ കാണാതിരിക്കാൻ കഴിയില്ല. വിവാഹ നിശ്ചയത്തിനുശേഷം കണ്ടുമുട്ടുമല്ലോ. വിവാഹ നിശ്ചയത്തിനുശേഷം കാണാനുള്ള വ്യാകുലതയായിരിക്കും. നിങ്ങൾക്ക് അറിയാം നമ്മുടെ പരിധിയില്ലാത്ത അച്ഛൻ ടീച്ചറും പ്രയിതമനും സർവ്വതുമാണ്. ബാക്കി എല്ലാവരിൽ നിന്നും ദുഃഖം മാത്രമേ ലഭിക്കൂ അതിനു പകരമായി ബാബ സുഖം നൽകുന്നു. അവിടെയും എല്ലാവരും സുഖമാണ് നൽകുക. ഈ സമയം നിങ്ങൾ സുഖത്തിന്റെ സംബന്ധത്തിൽ ബന്ധിതരാണ്.

ഇത് പുരുഷോത്തമനാകുന്നതിനുള്ള പുരുഷോത്തമ യുഗമാണ്. മുഖ്യമായ കാര്യമിതാണ്– സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി അച്ഛനെ സ്നേഹത്തോടെ ഓർമ്മിക്കണം. ഓർമ്മയിലൂടെ സന്തോഷത്തിന്റെ അതിര് വർദ്ധിക്കുന്നു. നമ്മളാണ് ഏറ്റവും കൂടുതൽ ഭക്തി ചെയ്തത്. ഒരുപാട് ബുദ്ധിമുട്ടുകൾ അനുഭവിച്ചു. ഇപ്പോൾ തിരിച്ച് കൂട്ടിക്കൊണ്ടുപോകാൻ അച്ഛൻ വന്നിരിക്കുകയാണ് അതിനാൽ തീർച്ചയായും പാവനമായി മാറണം. ദൈവീക ഗുണങ്ങൾ ധാരണ ചെയ്യണം. കണക്കു വെക്കണം– മുഴുവൻ ദിവസത്തിൽ എത്രപേർക്ക് അച്ഛന്റെ പരിചയം നൽകി? അച്ഛന്റെ പരിചയം നല്കാതെ സുഖം തോന്നില്ല.വ്യാകുലപ്പെട്ടുകൊണ്ടിരിക്കും. യജ്ഞത്തിൽ ഒരുപാട് വിഘ്നങ്ങളും ഉണ്ടാകുന്നുണ്ട്, അടി കൊള്ളേണ്ടിവരുന്നു. മറ്റൊരു സത്സംഗത്തിലും പവിത്രതയുടെ നിബന്ധനയില്ല. ഇവിടെ നിങ്ങൾ പവിത്രമായി മാറുകയാണ് അതിനാൽ അസുരന്മാർ വിഘ്നം സൃഷ്ടിക്കുന്നു. പാവനമായി മാറി വീട്ടിലേയ്ക്ക് പോകണം. ആത്മാവാണ് സംസ്ക്കാരം കൊണ്ട് പോകുന്നത്. യുദ്ധത്തിന്റെ മൈതാനത്തിൽ വെച്ച് മരണമടഞ്ഞാൽ സ്വർഗ്ഗത്തിലെത്തും എന്നു കരുതുന്നു അതിനാൽ സന്തോഷത്തോടെ യുദ്ധത്തിനു പോകുന്നു. നിങ്ങളുടെ അടുത്തേയ്ക്ക് കമാൻഡർ, മേജർ, ഭടന്മാർ മുതലായ എല്ലാവരും വരുന്നുണ്ട്. സ്വർഗ്ഗത്തിലേയ്ക്ക് എങ്ങനെ പോകാൻ കഴിയും? യുദ്ധമൈതാനത്തിലും മിത്രസംബന്ധികളെ ഓർമ്മവരുന്നു. ഇപ്പോൾ അച്ഛൻ മനസ്സിലാക്കിത്തരുന്നു എല്ലാവർക്കും തിരിച്ച് പോകണം. സ്വയം ആത്മാവാണെന്ന് മനസ്സിലാക്കു, പരസ്പരം ആത്മീയ സഹോദരങ്ങളാണെന്ന് കരുതൂ. അച്ഛനെ ഓർമ്മിക്കു. ആര് എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നുവോ അത്രയും ഉയർന്ന പദവി നേടും. മനുഷ്യർ പറയുന്നുണ്ട് നമ്മൾ എല്ലാവരും സഹോദരങ്ങളാണ്. പക്ഷേ ഇതിന്റെ അർത്ഥം അറിയുന്നില്ല. അച്ഛനേയും അറിയുന്നില്ല നമ്മൾ നിഷ്കാമ സേവനം ചെയ്യുകയാണ് എന്നതും ആളുകൾ മനസ്സിലാക്കുന്നില്ല. നമുക്ക് ഫലത്തിന്റെ ഇച്ഛയില്ല. പക്ഷേ ഫലം തീർച്ചയായും ലഭിക്കും. നിഷ്കാമ സേവനം ചെയ്യുന്നത് ഒരേ ഒരു ബാബയാണ്. കുട്ടികൾക്ക് അറിയാം അച്ഛനെ വളരെ അധികം ആക്ഷേപിച്ചിട്ടുണ്ട്. ദേവതകളുടെ ഗ്ലാനിയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ദേവതകൾക്ക് ഒരു ഹിംസയും ചെയ്യാൻ കഴിയില്ല. ഇവിടെ നിങ്ങൾ ഡബിൾ അഹിംസകരായി മാറുകയാണ്. കാമകഠാരി പ്രയോഗിക്കരുത്, ക്രോധിക്കരുത്. ക്രോധവും വലിയ വികാരമാണ്. കുട്ടികളോട് വളരെയധികം ക്രോധിച്ചു എന്നു പറയാറുണ്ട്. അച്ഛൻ മനസ്സിലാക്കിത്തരുന്നു ഒരിയ്ക്കലും അവരെ അടിക്കരുത്. അവരും സഹോദരനാണ്, അവരിലും ആത്മാവുണ്ട്. ആത്മാവ് വലുതോ ചെറുതോ ആവില്ല. ഇത് കുട്ടിയല്ല നിങ്ങളുടെ ചെറിയ സഹോദരനാണ്. ആത്മാവാണെന്നു കരുതണം. ചെറിയ സഹോദരനെ അടിയ്ക്കാൻ പാടില്ല അതിനാലാണ് കൃഷ്ണനെ ഉരലിൽ കെട്ടിയിട്ടതായി കാണിക്കുന്നത്. വാസ്തവത്തിൽ ഇങ്ങനെയുള്ള കാര്യങ്ങളേയില്ല. ഇതെല്ലാം വ്യത്യസ്തമായ പഠനമാണ്. വാസ്തവത്തിൽ കൃഷ്ണന് വെണ്ണയോട് കൊതി തോന്നേണ്ട ആവശ്യമെന്താണ്. അവർ വെണ്ണകട്ടുവെന്ന് തലകീഴായ മഹിമയാണ് പാടുന്നത്. നിങ്ങൾ പറയുന്നത് ശരിയായ

മഹിമകളാണ്, നിങ്ങൾ പറയും അവർ സർവ്വഗുണ സമ്പന്നനാണ്, 16 കലാ സമ്പൂർണ്ണനാണ്. പക്ഷേ ഈ ഗ്ലാനിയും ഡ്രാമയിൽ ഉള്ളതാണ്. ഇപ്പോൾ എല്ലാവരും തമോപ്രധാനമായിരിക്കുകയാണ്. അച്ഛൻ വന്ന് സതോപ്രധാനമാക്കി മാറ്റുകയാണ്. പരിധിയില്ലാത്ത അച്ഛനാണ് പഠിപ്പിക്കുന്നത്. ബാബയുടെ മതമനുസരിച്ച് നടക്കണം. ഇതാണ് കഠിനത്തിലും കഠിനമായ വിഷയം. നിങ്ങൾ നേടുന്ന പദവിയും എത്ര ഉയർന്നതാണ്. അഥവാ ഇത് സഹജമായിരുന്നെങ്കിൽ എല്ലാവരും ഈ പരീക്ഷയിൽ മുഴുകിയേനേ. ഇതിൽ വളരെയധികം പരിശ്രമമുണ്ട്. ദേഹാഭിമാനം വന്നാൽ വികർമ്മമുണ്ടാകും ഇതിന് ദൃഷ്ടാന്തമാണ് തൊട്ടാവാടി. അച്ഛനെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾ എഴുന്നേറ്റ് നിൽക്കുന്നു. മറക്കുന്നതിലൂടെ എന്തെങ്കിലും എന്തെങ്കിലും തെറ്റുകൾ സംഭവിക്കുന്നു. പദവിയും കുറഞ്ഞുപോകും. ജ്ഞാനം എല്ലാവർക്കും നൽകിയിട്ടുണ്ട്, ഇതാണ് പിന്നീട് ഗീതയായത്. ഗരുഢപുരാണത്തിൽ ഭയാനകമായ കാര്യങ്ങൾ എഴുതിയിട്ടുണ്ട് മനുഷ്യർ ഭയപ്പെടാൻ വേണ്ടി. രാവണരാജ്യത്തിൽ പാപം ഉണ്ടാകുകതന്നെ ചെയ്യും എന്തുകൊണ്ടെന്നാൽ ഇത് തീർത്തും മുള്ളുകളുടെ കാടാണ്. അച്ഛൻ പറയുന്നു ദൃഷ്ടിയേയും പരിവർത്തനപ്പെടുത്തണം. ഒരു പാടുകാലം വീണുകിടക്കുകയായിരുന്നു അതിനാൽ ശരീരത്തോട് സ്നേഹം തോന്നുന്നു. വിനാശിയായ വസ്തുക്കളോട് സ്നേഹം വെച്ചിട്ട് എന്താണ് പ്രയോജനം? അവിനാശിയുമായി സ്നേഹം വെയ്ക്കുന്നതിലൂടെ അവിനാശിയായിത്തീരുന്നു. കുട്ടികൾക്കുള്ള നിർദ്ദേശമിതാണ്– ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും നടക്കുമ്പോഴും ചുറ്റിക്കറങ്ങുമ്പോഴും അച്ഛനെ ഓർമ്മിക്കൂ. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം –

1. ശരീരം വിനാശിയാണ്, അതിനോടുള്ള സ്നേഹത്തെ ഇല്ലാതാക്കി അവിനാശിയായ അത്മാവുമായി സ്നേഹം വെയ്ക്കണം. അവിനാശിയായ അച്ഛനെ ഓർമ്മിക്കണം. ആത്മാക്കൾ സഹോദരങ്ങളാണ്, ഞാൻ ആത്മീയ സഹോദരനോട് സംസാരിക്കുകയാണ്– ഈ അഭ്യാസം ചെയ്യണം.

2. വായിലൂടെ ഒരിയ്ക്കലും ഒരു തലകീഴായ വാക്കുകളും വരാത്ത രീതിയിൽ വിചാര സാഗര മഥനം ചെയ്ത് ഉയർന്ന അവസ്ഥയുണ്ടാക്കണം. ഓരോ ചുവടിലും തന്റെ കണക്ക് പരിശോധിക്കണം.

## വരദാനം:– നിമിത്തമായും വിനയഭാവത്തോടെയും സേവനം ചെയ്യുന്ന ശ്രേഷ്ഠ സഫലതാ മൂർത്തിയായി ഭവിക്കട്ടെ.

സേവാധാരി എന്നാൽ സദാ ബാബക്ക് സമാനം നിമിത്തമായും വിനയത്തോടെയുമിരിക്കുന്നവർ. വിനയം തന്നെയാണ് ശ്രേഷ്ഠ സഫലതക്കുള്ള മാർഗ്ഗം. ഏത് സേവനത്തിലും സഫലത പ്രാപ്തമാക്കുന്നതിന് വേണ്ടി വിനയഭാവവും നിമിത്തഭാവവും ധാരണ ചെയ്യൂ, ഇതിലൂടെ സേവയിൽ സദാ രസത്തിന്റെ അനുഭവം ചെയ്യും. സേവനത്തിൽ ഒരിക്കലും ക്ഷീണം തോന്നുകയില്ല. ഏതൊരു സേവനം ലഭിച്ചാലും ഈ രണ്ട് വിശേഷതകളാൽ സഫലത നേടിയാൽ സഫലതാസ്വരൂപരായി മാറും.

## സ്ലോഗൻ:– സെക്കന്റിൽ വിദേഹിയാകാനുള്ള അഭ്യാസമുണ്ടെങ്കിൽ സൂര്യവംശിയായി മാറും.